# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.
(പി.11.)958/02.07.222

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) അസി.ഡവലപ്പ്മെന്റ് കമ്മീഷ്ണർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നമ്പർ: (പി.11.)958/02.07.222 കെ.എസ്.എ.ടി.എസ്.ആർ. തീയ്യതി: 03/07/2022

## തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-12-2019 മുതൽ 26-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷാജി കെ | ജോയിന്റ് ഡയറക്ടർ | 27-05-2022 | 31-05-2022 |
| ശ്രീ സതീശൻ എൻ. | ജോയിന്റ് ഡയറക്ടർ (ഇൻ ചാർജജ്) | 01-06-2022 | 03-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-05-2022 | 03-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഷോബി വി.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി പ്രവിദ പി.എ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി വിദ്യ വിക്രമൻ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ സ്റ്റാൻലി പി.എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി അനീറ്റ ഡൊമിനിക്, ഓഡിറ്റർ
ശ്രീ രഞ്ജിത്ത് പി.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഐ.എസ്.ഉമാദേവി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി സൂസമ്മ ഐസക്ക് | സെക്രട്ടറി | 01-04-2019 | 06-01-2020 |
| ശ്രീ അമൽദാസ് കെ ജെ | സെക്രട്ടറി | 06-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ദീപ്തി കെ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| രതീഷ് എം ജെ | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.ജയന്തി കെ എസ് | സൂപ്രണ്ട്, സി.എച്ച്.സി വെള്ളാനിക്കര | 01-04-2019 | 31-10-2019 |
| ഡോ.ലത എ എസ് | സി.എച്ച്.സി വെള്ളാനിക്കര | 01-11-2019 | 31-03-2020 |
| ഡോ. ഒ ജി സുരജ | വെറ്ററിനറി സർജൻ | 01-04-2019 | 31-12-2019 |
| ഡോ. കെ ജി ലത | വെറ്ററിനറി സർജൻ | 01-01-2020 | 12-01-2020 |
| ഡോ.സഹീർ അബ്ദു | വെറ്ററിനറി സർജൻ | 13-01-2020 | 31-03-2020 |
| സുധ സി | ശിശു വികസന ഓഫീസർ | 01-04-2019 | 02-08-2019 |
| ഷീബ എൽ നാൽപ്പാട്ട് | ശിശു വികസന ഓഫീസർ | 03-08-2019 | 31-03-2020 |
| സിജോൺ ജോൺസൺ | ക്ഷീര വികസന ഓഫീസർ | 01-04-2019 | 11-07-2019 |
| ഫെമി മാത്യു | ക്ഷീര വികസന ഓഫീസർ | 11-07-2019 | 31-03-2020 |
| ബിന്നിമോൻ വി സി | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ബീന മാത്യു | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 09-07-2019 |
| സത്യവർമ്മ പി സി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 09-07-2019 | 29-07-2019 |

| | | | |
|---|---|---|---|
| ലത ആർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 29-07-2019 | 23-11-2019 |
| സത്യവർമ്മ പി സി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 23-11-2019 | 31-03-2020 |
| സുഗുണൻ സി ബി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shobby.V.P (Audit Officer, On 03-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Vidya Vikraman (Asst. Audit Officer, On 03-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Vidya Vikraman (Asst. Audit Officer, On 03-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 03-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ranjith P.R (Auditor, On 03-06-2022)<br>Last Updated By: Ranjith P.R (Auditor, On 03-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Vidya Vikraman (Asst. Audit Officer, On 03-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 03-06-2022) | 1-5 |
| 6 | ക്യാഷ് പരിശോധന<br>Written By: Ranjith P.R (Auditor, On 03-06-2022)<br>Last Updated By: Ranjith P.R (Auditor, On 03-06-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Shobby.V.P (Audit Officer, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Stanley P S (Asst. Audit Officer, On 04-06-2022)<br>Last Updated By: Stanley P S (Asst. Audit Officer, On 04-06-2022) | 1-8 |
| 9 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 02-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-06-2022) | 1-9 |
| 10 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം ഡിമാന്റ് എൻട്രി ചെയ്യുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 02-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 02-07-2022) | 1-10 |
| 11 | Prior Period Item-എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,വർക്ക്ഷീറ്റുകളോ സൂക്ഷിക്കുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 02-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 02-07-2022) | 1-11 |
| 12 | Capital Work In Progress-കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 03-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 02-07-2022) | 1-12 |
| 13 | ജേണൽ എന്ട്രികൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 02-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 02-07-2022) | 1-13 |
| 14 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് -അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 03-06-2022) | 1-14 |

| | | |
|---|---|---|
| | Last Updated By: Sunil.P.B (Asst. Audit Officer, On 02-07-2022) | |
| 15 | ആസ്തിയുടെ മൂല്യത്തേക്കാൾ കൂടിയ തുക ഡിപ്രീസിയേഷൻ കണക്കാക്കിയിരിക്കുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 03-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-06-2022) | 1-15 |
| 16 | ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 03-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-06-2022) | 1-16 |
| 17 | അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 03-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 02-07-2022) | 1-17 |
| 18 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 03-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 02-07-2022) | 1-18 |
| 19 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 03-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 02-07-2022) | 1-19 |
| 20 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കണക്കുകൾ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 04-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 02-07-2022) | 1-20 |
| 21 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 03-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-21 |
| 22 | പട്ടികജാതി വികസന ഓഫീസറുടെ പ്രൊജക്ടുകളിലെ അപാകതകൾ<br>Written By: P.A.Pravida (Audit Officer, On 03-06-2022)<br>Last Updated By: Ranjith P.R (Auditor, On 04-06-2022) | 1-22 |
| 23 | റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.<br>Written By: Shobby.V.P (Audit Officer, On 04-06-2022)<br>Last Updated By: Ranjith P.R (Auditor, On 04-06-2022) | 1-23 |
| 24 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 04-06-2022)<br>Last Updated By: Ranjith P.R (Auditor, On 04-06-2022) | 1-24 |
| 25 | പ്രൊജ.നം. 6/16-17 വനിത കാന്റീൻ അടുക്കള പുനരുദ്ധാരണം<br>Written By: Shobby.V.P (Audit Officer, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-25 |
| 26 | പ്രൊജ.നം. 128/19-20 മണ്ണാവ് മരത്താക്കര LI പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 04-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 02-07-2022) | 1-26 |
| 27 | പത്രങ്ങളിൽ പരസ്യം ചെയ്യുതതിന് അനുവദനീയമായ ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 03-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-27 |
| 28 | GST നമ്പർ ഇല്ലാത്ത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ സ്വീകരിക്കുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-28 |
| | ഭാഗം **2** | |

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ranjith P.R (Auditor, On 03-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ranjith P.R (Auditor, On 03-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്<br>Written By: Ranjith P.R (Auditor, On 03-06-2022)<br>Last Updated By: Ranjith P.R (Auditor, On 03-06-2022) | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Ranjith P.R (Auditor, On 03-06-2022)<br>Last Updated By: Ranjith P.R (Auditor, On 03-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്<br>Written By: Ranjith P.R (Auditor, On 03-06-2022)<br>Last Updated By: Ranjith P.R (Auditor, On 03-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്<br>Written By: Ranjith P.R (Auditor, On 03-06-2022)<br>Last Updated By: Ranjith P.R (Auditor, On 03-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ranjith P.R (Auditor, On 03-06-2022)<br>Last Updated By: Ranjith P.R (Auditor, On 03-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം<br>Written By: Ranjith P.R (Auditor, On 03-06-2022)<br>Last Updated By: Ranjith P.R (Auditor, On 03-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ranjith P.R (Auditor, On 03-06-2022)<br>Last Updated By: Ranjith P.R (Auditor, On 04-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Ranjith P.R (Auditor, On 03-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 4-10 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 23.02.2019, തീരുമാനം നം.1(1) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 191207871 | 190757871 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 18.03.2020, തീരുമാനം നം. 2(2) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 185792585 | 185245973 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 11-06-2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13753223 |
| വരവ് | 45319521 |
| ആകെ | 59072744 |
| ചെലവ് | 45991078 |
| നീക്കിയിരിപ്പ് | 13081666 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 47421000 | 27684345 | 19736655 |
| വികസന ഫണ്ട് – എസ് സി പി | 11187000 | 5787814 | 5399186 |
| വികസന ഫണ്ട് – ടി.എസ്.പി | 1504000 | 922889 | 581111 |
| മെയിന്റനൻസ്-റോഡിതരം | 6191000 | 3744451 | 2446549 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| 105 | 84914766 | 44 | 39511337 | 51 | 10 | 46.53 |

### 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.06.2022 തീയതിയിൽ 2:40 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോദ്ധ്യപ്പെട്ടു.

### 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. റജിസ്റ്ററുകൾ, ഫയലുകൾ, വൗച്ചറുകൾ എന്നിവ യഥോചിതം പരിപാലിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം നന്നായി പ്രവർത്തിച്ചു വരുന്നു. ആസ്തി റജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.12.21 മുതൽ 24.12.21 വരെ | 2020-21 | 15.03.2022 |
| അക്കൗണ്ടന്റ് ജനറൽ | 03.10.2018 മുതൽ 08.10.2018 വരെ | 2013-14 മുതൽ 2017-18 വരെ | 16.11.2018 |

## 1-9 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-10 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം ഡിമാന്റ് എൻട്രി ചെയ്യുന്നില്ല

2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | വാടക | 130100101-Rent From Builings | 150000 | 01/04/2019 | 41900044 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് ചട്ടപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11 Prior Period Item-എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,വർക്ക്ഷീറ്റുകളോ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200401-Prior Period Income-Other Income | 21462 |

## 1-12 Capital Work In Progress-കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

31/3/2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 5507272/-രൂപ യാണ്.അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/20വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2020 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുകയാണ് ഇത്.ഈ തുക കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 ജേണൽ എന്‍ട്രികൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്‍ട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-14 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് -അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/20ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1<br>2 | 320700203<br>320700205 | Contribution For Joint Venture Projects(for Revenue)-from Village Panchayaths<br>Contribution For Joint Venture Projects(for Revenue)-from District Panchayaths | 589697<br>1589990 | 450650109 | Treasury Special TSB- Joint Venture | 807800 |

പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ശീർഷകം | ഇനം | 31/3/2020 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 320100115 | Centrally Sponsored-Total Sanitation Campaign | 875020( രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് |
| 2 | 320100121 | Centrally Sponsored Scheme-ICDS | 343871 |
| 3 | 320200201 | Fund For Transferred Institutions-agricultural Capital | 2600 |
| 4 | 320200321 | NABARD Assitance | 96000 |
| 5 | 320300199 | Grants Funds | 509874 |

| | | | |
|---|---|---|---|
| | | &Contributions For Specific Purposes-other Government Agencies | |
| 6 | 320700203 | Contribution For Joint Venture Projects(for Revenue)-from Village Panchayaths | 589697 |
| 7 | 320700205 | Contribution For Joint Venture Projects(for Revenue)-from District Panchayaths | 1589990 |
| 8 | 320800101 | Benificiary Contribution | 2039258 |

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ ഇനങ്ങളുടെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-15 ആസ്തിയുടെ മൂല്യത്തേക്കാൾ കൂടിയ തുക ഡിപ്രീസിയേഷൻ കണക്കാക്കിയിരിക്കുന്നു

31/3/2020 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assetsഎന്ന ആസ്തികൾക്ക് 798846രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2020 ലെ Accumalated Depreciation 2374031രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക അടുത്ത വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-16 ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ എഴുതി തയ്യാറാക്കിയിട്ടില്ല.ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-17 അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരമുള്ള തുകയുടെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല

## 1-18 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുന്നില്ല

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത് (3,95,19,998/-). വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-19 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (671557)രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13753223രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-20 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കണക്കുകൾ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓഫീസ് ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയും ജീവനക്കാരും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്നതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കുന്നത്. എന്നാൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ റസീറ്റ് & പേയ്മെന്റ് പത്രികയിലും, റവന്യൂ വരുമാനം, ചെലവ് വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലും, നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റിലും).

## 1-21 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

1 .

| ക്രമനമ്പർ | പ്രോജക്ട് | വൗച്ചർ നം./തീ. | തുക | തുക നൽകിയ സ്ഥാപനം | ഓഡിറ്റിന് ലഭ്യമാക്കേണ്ട വിവരങ്ങൾ |
|---|---|---|---|---|---|
| 1 | ലൈഫ് മിഷൻ വിഹിതം നൽകൽ-ജനറൽ(6/20) | 21900245/ 24.8.2019 | 2000000 | നടത്തറ ഗ്രാമ പഞ്ചായത്ത് | പഞ്ചായത്ത് നൽകിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം 1536237/- രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്. വിനിയോ ഗിക്കാതെ ശേഷിക്കുന്ന 463763 രൂപ കൺസോളി ഡേറ്റഡ് ഫണ്ടിൽതിരിച്ചട വാക്കിയതിന്റെ വിവരം |
| | -Do- | 21900349/ 14.10.2019 | 1738880 | പുത്തൂർ ഗ്രാമ പഞ്ചായത്ത് | പഞ്ചായത്ത് നൽകിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം 1300000/- രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്.വിനിയോ ഗിക്കാതെ ശേഷിക്കുന്ന 438880/- രൂപ കൺസോളി ഡേറ്റഡ് ഫണ്ടിൽതിരിച്ചട വാക്കിയതിന്റെ വിവരം |
| | -Do- | 21900349/ 15.10.2019 | 1793220/- | മാടക്കത്തറ ഗ്രാമ പഞ്ചായത്ത് | പഞ്ചായത്ത് നൽകിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം 410028/- രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്. വിനിയോ ഗിക്കാതെ ശേഷിക്കുന്ന 1383192/- രൂപ കൺസോളി ഡേറ്റഡ് ഫണ്ടിൽതിരിച്ചട വാക്കിയതിന്റെ വിവരം |
| 2 | ലൈഫ് മിഷൻ | 21900350/ | 990000 | നടത്തറ | പഞ്ചായത്ത് നൽകിയ |

| | | | | | |
|---|---|---|---|---|---|
| | വിഹിതം നൽകൽ-എസ്.സി.പി(7/20) | 14.10.2019 | | ഗ്രാമ പഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്ര പ്രകാരം 587000/-രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്. വിനിയോഗിക്കാതെ ശേഷിക്കുന്ന 403000/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽതിരിച്ചട വാക്കിയതിന്റെ വിവരം |
| | “ | 2190034/ 15.10.2019 | 135000/- | പുത്തൂർ ഗ്രാമ പഞ്ചായത്ത് | പഞ്ചായത്ത് നൽകിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം 37988/-രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്. വിനിയോഗിക്കാതെ ശേഷിക്കുന്ന 97012/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചട വാക്കിയതിന്റെ വിവരം |
| 3 | 1/20 ഐ.കെ.എം വിഹിതം നൽകൽ | 2190193/26.07.2019 | 60000 | ഐ.കെ.എം | വിനിയോഗസാക്ഷ്യ പത്രം |
| 4 | 60/20-ക്യാൻ തൃശ്ശൂർ പദ്ധതിയ്ക്കുവിഹിതം നൽകൽ | 21900343/27.09.2019 | 120000/- | ജില്ല പഞ്ചായത്ത് | വിനിയോഗസാക്ഷ്യ പത്രം |

2.പ്രോജക്ട് -മണലിപ്പുഴ സംരക്ഷണം(50/20)

ചെലവ് -1000000/-(വികസന ഫണ്ട്)

വൗച്ചർ നമ്പർ -21900405/28.09.2019,

മണലിപ്പുഴ സംരക്ഷണത്തിനായി പാണഞ്ചേരി,നടത്തറ എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് 500000/- രൂപ വീതംമേൽ വൗച്ചർ പ്രകാരം വിഹിതം നൽകിയിട്ടുണ്ട്.നടത്തറ പഞ്ചായത്ത് തുക വിനിയോഗിക്കാത്തതിനാൽ 31/03/2022- ൽ 3604-00-911-99-ROPയായി അടവാക്കിയതിന്റെ ചലാൻ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്(ചലാൻ നം.KL027337319202122M).പാണഞ്ചേരി പഞ്ചായത്ത് തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രമോ, അല്ലാത്തപക്ഷം തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കിയതിന്റെ ചലാനോ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.13/02.06.2022)

## 1-22 പട്ടികജാതി വികസന ഓഫീസറുടെ പ്രൊജക്കുകളിലെ അപാകതകൾ

1.പ്രൊജക്ട് നം.,പേര്-17/20 ,പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ &ചെലവ്-17,00,000 (വികസനഫണ്ട് എസ് സി പി)

മേല്പറഞ്ഞ പ്രൊജക്റ്റിൽ ബ്ളോക് പഞ്ചായത്തിലെ നാലു ഗ്രാമപഞ്ചായത്തുകളിലെ 80 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ 50 വിദ്യാർത്ഥികൾ ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

2.പ്രൊജക്ട് നം.,പേര്-18/20 ,പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ -12,00,000 (വികസനഫണ്ട് എസ് സി പി)

ചെലവ്- 9,70,000 (വികസനഫണ്ട് എസ് സി പി)

മേല്പറഞ്ഞ പ്രൊജക്റ്റിൽ 6 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി ധനസഹായം നല്കിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ സ.ഉ. (കൈ) നം.22/2018/ ത സ്വ ഭ വ തി.14.02.2018 ഖണ്ഡിക 7.2.17 പ്രകാരം നിലവിലുള്ള 800 ചതുരശ്ര

അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്നാണ് പഠനമുറി നിർമ്മിക്കാവുന്നത്. നിലവിലുള്ള വീടിന്റെ വിസ്തീർണ്ണം വ്യക്തമാക്കുന്ന ആധികാരികമായരേഖകൾ ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പം ഇല്ല. കൂടാതെ കെട്ടിടത്തിന്റെ കൂട്ടിച്ചേർക്കലിനായുള്ള ഗ്രാമപഞ്ചായത്തിൽ നിന്നുള്ള നിരാക്ഷേപപത്രവും ഇല്ല. (ഓഡിറ്റ് എൻക്വയറി നം.12/02.06.2022)

തുടർവർഷങ്ങളിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

( ഓഡിറ്റ് എൻക്വയറി നം. 1 തിയ്യതി 30 -5-'22)

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തി. 7-5-'14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ച വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്നത് എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

( ഓഡിറ്റ് എൻക്വയറി നം. 16തിയ്യതി 2-6'22 )

റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകൾ പാക്ക്ഡ് ബിറ്റുമിൻ വില ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഓഡിറ്റ് കാലയളവിൽ കരാറുകാർ ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം അസി.എഞ്ചിനിയർ മേൽപ്രകാരം ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ലഭ്യമാക്കുകയുണ്ടായി. ഇതനുസരിച്ച് 238+18% (GST) നിരക്കിൽ ആകെ ₹ 49428/-

( 41888- + 7540- )കാലി ബാരലിന്റെ വില ഈടാക്കി ഓരോ പ്രവൃത്തിക്കും ചെലവു വന്ന ശീർഷകങ്ങളിലേക്ക്/GST വകുപ്പിലേക്ക് താഴെ ചേർക്കുന്നതു പ്രകാരം അടവാക്കേണ്ടതാണ്.

| കരാറുകാരന്റെ പേര് | ആകെ ബാരലുകൾ | ₹ 238/- നിരക്കിൽ കാലി ബാരലിന്റെവില | GST ( 18 % ) |
|---|---|---|---|
| ശ്രീ. എം. ഗോഗിൻ | 60 | 14280- | 2570- |
| ശ്രീ. ഒ.യു. ഏല്യാസ് | 20 | 4760- | 857- |
| ശ്രീ. എം.വൈ ജോർജ്ജ് | 22 | 5236 | 942- |
| ശ്രീ. ഇ.ജി. സുരേഷ് | 20 | 4760- | 857- |
| ശ്രീ. സാബു ഒ.കെ | 14 | 3332- | 600- |
| ശ്രീ. എ.വി. ഖാദർ | 40 | 9520- | 1714 |
| ആകെ | 176 | 41888- | 7540- |

## 1-25 പ്രൊജ.നം. 6/16-17 വനിത കാന്റീൻ അടുക്കള പുനരുദ്ധാരണം

നി.ഉദ്യോഗസ്ഥൻ ; അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ ₹ 5.00.000/-( പൊ.വി- സാ.വി )

സാങ്കേതികാനുമതി - 343/AEE LSGD തി. 30-1-2015

കരാർ നം.-ഇല്ല തി. 50/14-15 LSGD OLK തി. 26-2-2015

കരാറുകാരൻ ലിജോ ജോർജ്ജ്

അളവുപുസ്തകം - 65/14-15

ഓഡിറ്റ് എൻക്വയറി നം. 3തി. 30-05-2022

മേൽകാര്യത്തിലുള്ള അപാകതകൾ താഴെ ചേർക്കുന്നു

1. 2014-15 ലെ മേൽപ്രകാരം പ്രൊജക്റ്റ് കരാറുകാരൻ പൂർത്തിയാക്കിയിരുന്നില്ല. 28-1-2020 ലെ കമ്മിറ്റി തീരുമാനം 6 അനുസരിച്ച് ഇക്കാര്യത്തിൽ കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽക്കൂട്ടുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

2. പ്രവൃത്തി ഏറ്റെടുത്ത്കരാറുകാരൻ പൂർത്തിയാക്കുന്നതിനു വീഴ്ച വരുത്തുന്ന സംഗതിയിൽ റീടെണ്ടർ ചെയ്ത് വീഴ്ചവരുത്തിയ കരാറുകാരന്റെ ചെലവിൽ പ്രവർത്തി പൂർത്തീകരിക്കേണ്ടതുണ്ടായിരുന്നു. ഇക്കാര്യത്തിൽ കരാറുകാരനെതിരെ യാതൊരു നടപടികളും സ്വീകരിക്കാതെ പ്രൊജക്റ്റ് 121/19-20ആയി മേൽപ്രകാരം പ്രവർത്തി നടപ്പിലാക്കി വരുന്നത് പരിശോധനയിൽ കണ്ടു.

3. ഭാഗികമായി ചെലവു തുക നൽകിയ മേൽപ്രകാരം പ്രൊജക്റ്റിൽ ഇനം 16 ന് തുക അധികം നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

Item No. 16-12 Mm Cement Plastering -- Mix 1:4

| നിരക്ക് 1 | ചെയ്യേണ്ട അളവ് | തുക നല്കേണ്ടത് | ചെയ്ത അളവ് | തുക നല്കിയത് | അധികം നല്കിയത് |
|---|---|---|---|---|---|

| | 2 | 3 | 4 | 5 | 6<br>( 3-5 ) |
|---|---|---|---|---|---|
| 193.85 | 10 M2 | 1938.50 | 53.78 M2 | 10425.20 | 8486.70 |

ലേലം കൊണ്ട പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിന വീഴ്ച വരുത്തുന്ന കരാറുകാരെ സർക്കാർ പ്രവൃത്തികൾക്ക് ടെണ്ടർ സമർപ്പിക്കുന്നതിൽ നിന്നു വിലക്കുന്നതിനും ഇവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന ശുപാർശ ചെയ്യുന്നതിനും സ്റ്റാൻഡേർഡ് ബിഡിങ്ങ് ഡോക്യുമെന്റ് ഖണ്ഡിക 6.2 ൽ നിർദേശിക്കുന്നുണ്ട്. 28-1-2020 ലെ കമ്മിറ്റി തീരുമാനപ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽക്കൂട്ടേണ്ടതും മുമ്പ് സൂചിപ്പിച്ചതു പ്രകാരം അധികം നൽകിയതു കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

## 1-26 പ്രൊജ.നം. 128/19-20 മണ്ണാവ് മരത്താക്കര LI പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

നി.ഉദ്യോഗസ്ഥൻ ; അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ ₹ 5,00,000- ( പൊ.വി- സാ.വി)

₹ 50,000- ( ഗു. വി. )

ഭരണാനുമതി 1 ( 1 ) തി. 17-3-2020

സാങ്കേതികാനുമതി - 198/AEE LSGD OLK 14-15 തി. 12-9-2014

കരാർ നം.-ഇല്ല തി. 45/14-15 AEE LSGD OLK തി. 5-2-2015

കരാറുകാരൻ എം.കെ ജോസഫ്

പി.എ.സി തുക ₹ 5,34,050- ( 2.9% ടെണ്ടർ കുറവ് )

വൗ.നം. 7/20തി.16-12-2019 ₹ 5,00,000-

അളവുപുസ്തകം - 62/14-15

ഓഡിറ്റ് എൻക്വയറി നം. 15തി. 2-06-2022

മേൽപ്രകാരം പ്രവൃത്തി ചെയ്തു വരവെ ഭരതൻ എന്ന പേരുള്ള ഒരുവ്യക്തി ഇദ്ദേഹത്തിന്റെ അതിർത്തിയിൽ പൈപ്പ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് OS 1688/15 ആയി തൃശ്ശൂർ മുൻസിഫ് കോടതിയിൽ കേസ്സ് നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്റ്റേ ലഭിക്കുകയും പ്രവൃത്തി പുരോഗതി നിലച്ചു പോകുകയുമുണ്ടായി. ഈസാഹചര്യത്തിൽ ചെലവു തുക ലഭിക്കുന്നതിന് കരാറുകാരൻ WP 32054/15 ആയി ബഹു. ഹൈക്കോടതിയിൽ വ്യവഹാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ ചെലവു തുക അനുവദിക്കുന്നതിന് ഉത്തരവാകുകയുമുണ്ടായി. ഇക്കാര്യത്തിലുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1. 2014-15 കാലയളവിൽ ആരംഭിച്ച പ്രവൃത്തി ഇതുവരെയും പൂർത്തിയായിട്ടില്ല. പ്രവൃത്തി പൂർത്തീകരണത്തിന് ആവശ്യമായ ഇടപെടലുകളുടെ വിവരങ്ങൾ ഫയലിൽ കണ്ടില്ല.

2. തൃശ്ശൂർ മുൻസിഫ് കോടതിയിലെ OS 1688/15, ബഹു. ഹൈക്കോടതിയിലെ WP 32054/15 എന്നി കേസ്സുകളിലെ ഇപ്പോഴത്തെ അവസ്ഥ ആരാഞ്ഞിരുന്നുവെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. പരിശോധനക്ക് ലഭ്യമാക്കിയ ഫയലുകളിൽ കൂടുതൽ വിവരങ്ങളൊന്നും ലഭ്യമല്ല.

3. കോടതി നിർദ്ദേശത്തിന്റ അടിസ്ഥാനത്തിൽ ₹ 5,00,000- പദ്ധതി വിഹിതത്തിൽ നിന്ന് കരാറുകാരന് നൽകുകയുണ്ടായി. മേൽ പ്രൊജക്റ്റിൽ 10% ഗുണഭോക്തൃവിഹിതം വകയിരുത്തിയിട്ടുണ്ടായിരുന്ന സാഹചര്യത്തിൽ പദ്ധതി വിഹിതത്തിൽ നിന്ന് 4,50,000- മാത്രമാണ് ചെലവഴിക്കേണ്ടിയിരുന്നത്. പദ്ധതി വിഹിതമിനത്തിൽ അധികം ചെലവു ചെയ്ത ₹ 50,000- തിരിച്ചടവാക്കേണ്ടതാണ്.

## 1-27 പത്രങ്ങളിൽ പരസ്യം ചെയ്തതിന് അനുവദനീയമായ ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2019-20 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വൌച്ചറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം. | തിയതി | പത്ര സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 21900100 | 20.6.2019 | ദേശാഭിമാനി | 5796 |
| 2 | 21900102 | 20.6.2019 | ദേശാഭിമാനി | 7728 |
| 3 | 21900144 | 18.7.2019 | ദേശാഭിമാനി | 7728 |
| 4 | 21900198 | 17/8/2019 | ദേശാഭിമാനി | 5796 |
| 5 | 21900252 | 19/09/2019 | ദേശാഭിമാനി | 5796 |
| 6 | 21900253 | 19/9/2019 | ദേശാഭിമാനി | 5796 |
| 7 | 21900524 | 19/9/2019 | ദേശാഭിമാനി | 5796 |

| | | | | |
|---|---|---|---|---|
| 8 | 21900300 | 22.10.2019 | ദേശാഭിമാനി | 5796 |
| 9 | 21900365 | 23.11.2019 | ദേശാഭിമാനി | 5796 |
| 10 | 21900367 | 23/11/2019 | ദേശാഭിമാനി | 5796 |
| 11 | 21900590 | 24/02/2020 | ദേശാഭിമാനി | 5796 |
| 12 | 21900594 | 24/02/2020 | ദേശാഭിമാനി | 5796 |
| 13 | 21900624 | 29/2/2020 | ദേശാഭിമാനി | 5796 |
| 14 | 12900687 | 13/03/2020 | ദേശാഭിമാനി | 7728 |
| ആകെ | | | | 86940 |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ച് കിട്ടുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല പത്രം ആവശ്യപ്പെട്ട പ്രകാരമുള്ള തുക അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. അതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം. 20/03.06.2022 നുള്ള മറുപടിയിൽ 2021-22 വർഷത്തിൽ ഡിസ്കൗണ്ട് ലഭിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. വരും വർഷങ്ങളിലെ ബിൽ തുകകളിൽ ഡിസ്കൗണ്ട് തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 GST നമ്പർ ഇല്ലാത്ത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ സ്വീകരിക്കുന്നു

നിർവ്വഹണം- സെക്രട്ടറി,

| പ്രോജക്റ്റ് | തുക | വൗച്ചർ നമ്പർ | തീയ്യതി | തുക അടച്ചത് |
|---|---|---|---|---|
| 79/20- ISO സർട്ടിഫിക്കഷന് വേണ്ടിയുള്ള പ്രവർത്തനം | 48044 | 21900697 | 23.03.2020 | യു.കെ ആർട്സ് & കംപ്യൂട്ടർ സ്റ്റിക്കർ കട്ടിംഗ്, ഒല്ലൂക്കര എന്ന സ്ഥാപനത്തിന് Name Boards സ്ഥാപിക്കുന്നതിന് നല്കിയത്. ഇൻവോയ്സ് നം.243, തീ 12/3/20, തുക : 48044/- |
| 79/20- ISO സർട്ടിഫിക്കഷന് വേണ്ടിയുള്ള പ്രവർത്തനം | 49566 | 21900499 | 07.01.2020 | യു.കെ ആർട്സ് & കംപ്യൂട്ടർ സ്റ്റിക്കർ കട്ടിംഗ്, ഒല്ലൂക്കര എന്ന സ്ഥാപനത്തിന് ACP & Acrylic Boards സ്ഥാപിക്കുന്നതിന് നല്കിയത്. ഇൻവോയ്സ് നം.156, തീ 24/12/19, തുക : 49566/- |

01.03.19 ലെ, സർക്കുലർ നമ്പർ 18/19/ധനം, ഖണ്ഡിക 4 പ്രകാരം, ജി.എസ്.ടി രജിസ്റ്റ്രേഷൻ ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കാനാവൂ. ഇപ്രകാരം ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളവർ സാധനങ്ങൾ അഥവാ സേവനങ്ങൾ നല്കി കഴിഞ്ഞാൽ ജി.എസ്.ടി നിയമം 2017, വകുപ്പ് 31 പ്രകാരം, ജി.എസ്.ടി ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഇപ്രകാരമുള്ള ജി.എസ്.ടി നമ്പർ വ്യക്തമാക്കാത്ത, സാധനങ്ങളുടെ നികുതി നിരക്ക് വ്യക്തമാക്കാത്ത, ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണോദ്യഗസ്ഥൻ, യു.കെ ആർട്സ് & കംപ്യൂട്ടർ സ്റ്റിക്കർ കട്ടിംഗ്, ഒല്ലൂക്കര എന്ന സപ്ലെയർക്ക് തുക നല്കിയിട്ടുള്ളത്. മാത്രമല്ല, മേൽ സ്ഥാപനങ്ങളിൽ നിന്നും ഇൻകം ടാക്സ് നിയമം, സെക്ഷൻ 194 C പ്രകാരമുള്ള TDS തുക ബില്ലിൽ നിന്നും കുറവ് ചെയ്ത് അടവാക്കിയിട്ടില്ല.

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/02.06.2022) താഴ്ന്ന നിരക്കിൽ ക്വട്ടേഷൻ സമർപ്പിച്ച മേൽ സ്ഥാപനങ്ങൾ 20 ലക്ഷത്തിൽ താഴെ വരുമാനമുള്ളതായതിനാൽ ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടില്ലെന്നും ആയതിനാലാണ് ജി.എസ്.ടി ഇല്ലാത്ത ബില്ല് സമർപ്പിച്ചതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുടർ വർഷങ്ങളിൽ ജി.എസ്.ടി നമ്പറുള്ള സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ലഭ്യമാക്കിയിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 45319521 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 45991078 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1995-96,<br>96-97,<br>97-98 | എൽ.എഫ്.ടി11/535/99/തീ.4.9.99/6.10.99 |
| 1998-99 | എൽ.എഫ്.ടി11/29/2000/തീ.14.6.2000/4.9.2000 |
| 1999-2000 | എൽ.എഫ്.ടി11/1715/18.5.11 |
| 2000-01 | എൽ.എഫ്.ടി11/1606/തീ.13.5.02/3.9.02 |
| 2001-02 | എൽ.എഫ്.ടി11/114/06/തീ.8.6.06/14.11.06 |
| 2002-03 | എൽ.എഫ്.ടി11/115/06/തീ.20.06.06/14.11.06 |
| 2003-04 | എൽ.എഫ്.ടി11/2572/07തീ.31.3.09 |
| 2004-05 | എൽ.എഫ്.ടി11/2573/07/തീ.31.1.09 |
| 2005-06 | എൽ.എഫ്.ടി11/2574/07/തീ31.1.09/4.7.09 |
| 2006-07,<br>07-08,<br>08-09,<br>09-10,<br>10-11 | എൽ.എഫ്.ടി (ബി.പി.1367/12/5.2.13/13.6.13 |
| 2011-12 | എൽ.എഫ്.ടി (ബി.പി.)1367/6.6.14/16.7.14 |
| 2012-13 | എൽ.എഫ്.ടി (ബി.പി)1559/14 തീ.5.1.15/12.2.15 |
| 2013-14 | എൽ.എഫ്.ടി.എസ്.ആർ. (ബിപി)328/15/7.7.15/ 13.8.15 |
| 2014-15,<br>2015-16 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)-616/17<br>തി.26.5.2017/9.6.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)1739/17<br>തീയതി:5.12.17/12.01.18 |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)536/19,തിയ്യതി:12.04.19 |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)37/20,തീയതി:<br>04.05.20 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്